# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
### ക്രിസ്മസ് പരീക്ഷ 2018-2019

ക്ലാസ്സ് : XII | സമയം : 2 മണിക്കൂർ
തീയതി : 09-12-2018 | മാർക്ക് : 70

---

**ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 5

1. ഈശോമിശിഹാ സ്ഥാപിച്ച സഭയെ കത്തോലിക്കാസഭ എന്ന് ആദ്യം വിളിച്ചത്?
(വി. ജറോം, അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്, വി. പൗലോസ്)

2. "നിന്റെ പ്രാർത്ഥന ദൈവത്തോടു പറയുന്ന നിന്റെ വാക്കാണ് നീ ബൈബിൾ വായിക്കുമ്പോൾ ദൈവം നിന്നോട് സംസാരിക്കുന്നു" എന്നു പറഞ്ഞ വിശുദ്ധനാര്?
(വി. ക്ലെമന്റ്, വി. ഫ്രാൻസീസ് സേവ്യർ, വി. ആഗസ്തീനോസ്)

3. സഭയുടെ ഏകത്വത്തിന്റെ ശക്തമായ അടയാളവും സാക്ഷ്യവും?
(മെത്രാന്മാർ, മാർപാപ്പമാർ, വൈദികർ)

4. ട്രിനിത്താസ് (*Trinitas*) എന്ന ലത്തീൻ പദം പരിശുദ്ധത്രിത്വത്തെ സൂചിപ്പിക്കുവാൻ ആദ്യമായി ഉപയോഗിച്ചതാര്?
(തെർത്തുല്യൻ, ഒറിജിൻ, സിപ്രിയാൻ)

5. നവസുവിശേഷവത്ക്കരണത്തിനുവേണ്ടി ഫ്രാൻസീസ് മാർപാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനത്തിന്റെ പേരെന്ത്?
(സ്നേഹത്തിന്റെ ആനന്ദം, ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, സുവിശേഷത്തിന്റെ ആനന്ദം)

**പൂരിപ്പിക്കുക** 5

6. ലിഖിതരൂപത്തിൽ ബൈബിളിൽ രേഖപ്പെടുത്താത്ത വെളിപാടുകളെ ..................... എന്നു പറയുന്നു.

7. ബൈബിളിന്റെ സുറിയാനിഭാഷയിലുള്ള തർജ്ജമ ...................... എന്നറിയപ്പെടുന്നു.

8. ദൈവം സർവ്വജനങ്ങളോടും സംസാരിക്കുന്ന ഒരു തലം ..........ആണ്

9. മതമെന്ന വാക്കിന്റെ അർത്ഥം ..........................എന്നാണ്.

10. സാങ്കേതിക രംഗത്തുണ്ടായ കണ്ടുപിടുത്തങ്ങളെ ......... ആയിട്ടാണ് സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെ സംബന്ധിക്കുന്ന ഡിക്രി വിശേഷിപ്പിക്കുന്നത്.

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **10**

11. ദൈവവചനം അതിന്റെ പൂർണ്ണതയിൽ ദൃശ്യമായതെപ്പോൾ?

12. ബൈബിളിലെ അധ്യായങ്ങളെ വാക്യങ്ങളായി തിരിച്ചത് ആര്?

13. 'കാതോലികം' എന്ന വാക്കിന്റെ അർത്ഥം?

14. വി. ഗ്രന്ഥ രചയിതാക്കളെ തങ്ങളുടെ രചനയിൽ ദൈവം സഹായിച്ച രീതിയെ വിളിക്കുന്നത്?

15. വിശ്വാസതിരുസംഘത്തിന്റെ അധ്യക്ഷൻ?

16. ക്രിസ്തുവിന്റെ നാമത്തിൽ രൂപപ്പെട്ട ആദിമക്രൈസ്തവസഭയുടെ ചരിത്രം പറയുന്ന പുസ്തകത്തിന്റെ പേര്?

17. പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം എന്ന പേരിൽ അറിയപ്പെടുന്ന പുരാതന രേഖ ഏത്?

18. കൂനൻ കുരിശു സത്യത്തിലൂടെ കേരളസഭയിലുണ്ടായ പിളർപ്പു വഴി രൂപം കൊണ്ട സഭ?

19. സിക്കുമത സ്ഥാപകൻ ആര്?

20. കത്തോലിക്കാ സഭയുടെ യുവജന മതബോധനഗ്രന്ഥം?

**ഒറ്റ വാക്യത്തിൽ ഉത്തരം എഴുതുക** **10**

21. കത്തോലിക്കാ സഭയിലെ വ്യക്തിഗതസഭകളിൽ ഏതെല്ലാം കാര്യത്തിലാണ് വൈവിധ്യങ്ങൾ നിലനിൽക്കുന്നത്?

22. ഈശോയിലൂടെ ലഭിച്ച വെളിപാടിനേക്കാൾ ശ്രേഷ്ഠമായ ഒരു വെളിപാട് ഇനി ലഭിക്കില്ല. കാരണം?

23. പ്രൊട്ടസ്റ്റന്റ് സഭകൾ വ്യത്യസ്ഥമായ ആശയങ്ങൾ പുലർത്തുന്നുവെങ്കിലും എല്ലാവരും അംഗീകരിക്കുന്ന രണ്ട് ആശയങ്ങൾ ഏതെല്ലാം?

24. ദൈവവചനത്തിന്റെ ധർമ്മങ്ങളെന്തെല്ലാമെന്നാണ് പൗലോസ് ശ്ലീഹ തിമോത്തിയോസിനെഴുതിയ ലേഖനത്തിലൂടെ വിവരിക്കുന്നത്?

25. സഭ ശ്ലൈഹികമാണെന്ന് പറയുന്നതെന്തുകൊണ്ട്?

**ബൈബിളിൽ നിന്നും ഉദ്ധരിക്കുക** **5**

26. വി. ഫ്രാൻസീസ് സേവ്യറിനെ മാനസാന്തരത്തിലേക്കു നയിച്ച വചനം വി. മാർക്കോസിന്റെ സുവിശേഷത്തിൽ നിന്ന്.

27. തന്നിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കണം എന്നതാണ് ദൈവഹിതം എന്ന് വ്യക്തമാക്കുന്ന വചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന്.

**ഉത്തരം എഴുതുക**

28. എക്യുമെനിസം എന്നാലെന്ത്? **3**

29. മാധ്യമങ്ങളുടെ ലക്ഷ്യങ്ങൾ എന്തെല്ലാം? **3**

30. പാപങ്ങളിൽ നിന്നും പാപസാഹചര്യങ്ങളിൽ നിന്നും മോചിതരാകാൻ നിങ്ങൾക്കു ലഭിക്കുന്ന സിദ്ധൗഷധമാണ് ദൈവവചനം. നിങ്ങളുടെ ജീവിതാനുഭവങ്ങളിലൂടെ വിശദമാക്കുക? **4**

31. ഒരു ക്രൈസ്തവനെന്ന നിലയിൽ ഇതരമതങ്ങളോട് നിങ്ങൾ സ്വീകരിക്കുന്ന സമീപനമെന്ത്? **4**

32. പാശ്ചാത്യ അനുകരണമായി കൂടിത്താമസിക്കുന്നവരുടെ എണ്ണം ഇന്നു നമ്മുടെയിടയിൽ വർദ്ധിച്ചുവരുന്നു. ഇങ്ങനെയുള്ളവർക്ക് ക്രൈസ്തവനെന്ന നിലയിൽ നിങ്ങൾ എന്തെല്ലാം നിർദ്ദേശങ്ങൾ നല്കും? **5**

33. മിശ്രവിവാഹത്തിന്റെ ദുരന്തഫലങ്ങൾ എന്തെല്ലാം? **5**

34. പ്രകാശത്തിന്റെ 1 –2 രഹസ്യങ്ങൾ എഴുതുക? **5**

35. മൂല്യങ്ങൾ വളർത്തുന്നതിനും സുവിശേഷം പ്രഘോഷിക്കുന്നതിനും മാദ്ധ്യമങ്ങളെ നിങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്തും? വിശദമാക്കുക. **6**